(ബി) എങ്കിൽ കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഗൈനക്കോളജിസ്റ്റ് ഉൾപ്പെടെയുള്ള ഡോക്ടർമാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ഡോക്ടർമാർ ജോലി ചെയ്തുവരുന്നുണ്ട്.

(ബി) നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രമായ പ്രസ്തുത ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തികകളൊന്നും അനുവദിച്ചിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനാകുകയുള്ളൂ.

ആയുർവ്വേദ ആശുപത്രിയുടെ വികസനം

59(757) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നോർത്ത് പറവൂർ സർക്കാർ ആയുർവ്വേദ ആശുപത്രിയിൽ പുതുതായി ആരംഭിച്ച 50 കിടക്കകളുള്ള പേ വാർഡിന്റെ പ്രവർത്തനാനുമതി ലഭിക്കുന്നതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ വികസനത്തിന് അനുകൂല നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 30 കിടക്കകളുള്ള നോർത്ത് പറവൂർ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി 50 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനോ പേവാർഡിന്റെ പ്രവർത്തനാനുമതി ലഭിക്കുന്നതിനോ ഉള്ള നിവേദനം സർക്കാരിൽ ലഭിച്ചിട്ടില്ല.

കോഴിക്കോട് ജില്ലാ ആയുർവ്വേദ ആശുപത്രി

60(758) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോഴിക്കോട് ജില്ല ആയുർവ്വേദ ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ പുറക്കാട്ടേരിയിൽ പ്രവർത്തിച്ചുവരുന്ന ആയുഷ്ഗ്രാമീയം ആയുർവേദഗ്രാമം, ആയുർവ്വേദിക് ചൈൽഡ് & അഡോളസെന്റ് കെയർ സെന്ററിൽ പൊതുജനങ്ങൾക്ക് ഏതൊക്കെ ചികിത്സാ സൗകര്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly